DESPATCHED
On. 16/1/23.....

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No. 1497(3)/2020** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.11525/*എസ്.ഐ.സി–ജി 1/2020*)

സന്നിഹിതൻ

**ശ്രീ.എ.അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

തീയതി : 06.01.2023

ശ്രീ.അബ്ദുറഹിമാൻ പി.
പാറപ്പുറത്ത് വീട്
കാരന്തൂർ പി.ഒ., കോഴിക്കോട് 673571 } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി
   കുന്ദമംഗലം ഗ്രാമപഞ്ചായത്ത് കാര്യാലയം
   കുന്ദമംഗലം പോസ്റ്റ്, കോഴിക്കോട് 673571

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ
   കാര്യാലയം, കോഴിക്കോട്

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 09.07.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 06.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17.08.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.09.2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 28.10.2020 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 02.11.2020 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ കാരന്തൂർ പാറപ്പുറത്ത് വീട്ടിൽ ശ്രീ.അബ്ദുറഹിമാൻ പി. എന്നയാൾ കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ വിവരാവകാശ നിയമപ്രകാരം 2020 ജൂലൈ

8 ന് സമർപ്പിച്ച അപേക്ഷയുടെ രണ്ടാം അപ്പീൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വിവരാവകാശ കമ്മീഷൻ കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് തേടിയിരുന്നു. തുടർന്ന് 16.12.2022 ന് കോഴിക്കോട് നടത്തിയ ഹിയറിംഗിൽ ഈ വിഷയം പ്രത്യേകമായി പരിഗണിക്കുകയും ചെയ്തു.

2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീ.സൂരജ് എ. കെ., അപ്പീൽ അധികാരി ശ്രീ പ്രസാദ് പി.റ്റി. റിപ്പോർട്ട് കാലയളവിലെ എസ്.പി.ഐ.ഒ. ശ്രീ.കെ.പി.എം.നവാസ് എന്നിവർ ഹാജരായി. അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ മറുപടിയായി നൽകാൻ കണ്ടെത്താനായില്ല എന്നാണ് പരാമർശിത കാലയളവിലെയും നിലവിലെയും എസ്.പി.ഐ.ഒ.മാർ കമ്മീഷനു മുമ്പാകെ നേരത്തേ ബോധിപ്പിച്ചിരുന്നത്.

3. ഈ വിഷയം 16.12.2022 ന് കോഴിക്കോട് നടത്തിയ ഹിയറിംഗിൽ കമ്മീഷൻ പരിഗണിക്കുകയും 20.12.2022 ന് താഴെപ്പറയും പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു "കാണുന്നില്ല എന്ന് മൊഴി നൽകിയിട്ടുള്ളതും ശ്രീ പി.അബ്ദുൾ റഹിമാൻ തന്റെ 08.07.2020 ലെ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളതുമായ രേഖകൾ അടങ്ങിയ ഫയൽ സഹിതം റിപ്പോർട്ട് കാലയളവിലെ എസ്.പി.ഐ.ഒ. യും നിലവിലെ എസ്.പി.ഐ.ഒ.യും കമ്മീഷനിൽ നേരിട്ട് ഹാജരാകണം"

4. മേൽ ഉത്തരവു പ്രകാരം മുൻ എസ്.പി.ഐ.ഒ.യും ഇപ്പോഴത്തെ കടലുണ്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായ ശ്രീ.കെ.പി.എം.നവാസ് ഇപ്പോഴത്തെ എസ്.പി.ഐ.ഒ.യും കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് ജൂനിയർ സൂപ്രണ്ടുമായ ശ്രീ സൂരജ് എ. കെ. എന്നിവർ 04.01.2023 ന് കമ്മീഷന് ആസ്ഥാനത്ത് ബന്ധപ്പെട്ട രേഖകളുമായി നേരിൽ ഹാജരാകുകയുണ്ടായി. അവർ താഴെപ്പറയും പ്രകാരം കമ്മീഷനെ ബോധിപ്പിച്ചു:

"ശ്രീ പി.അബ്ദു റഹിമാൻ, പാറപ്പുറത്ത് വീട്, കാരന്തൂർ പി.ഒ. എന്നവർ 09.07.2020 ന് എസ്.സി.-2-5280/2020 നമ്പരായി കുന്ദമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിൽ സമർപ്പിച്ചിരുന്ന അപേക്ഷയാണ് ഈ രണ്ടാം അപ്പീല് ഹർജിക്ക് കാരണമായിട്ടുള്ളത്. അദ്ദേഹത്തിന്റെ സഹോദരനായ ശ്രീ.മുഹമ്മദ് പാറപ്പുത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ള 19/422 (പഴയ നം. 1/400) പാർപ്പിടത്തിന്റെ മുകളിൽ ഒരു നില കൂടി

നിർമ്മിക്കുന്നതിന് 08.08.2017 ൽ തങ്ങളുടെ ഓഫീസിൽ സമർപ്പിച്ചിരുന്ന കെട്ടിട നിർമ്മാണ അപേക്ഷയുടെ ഭാഗമായുള്ള പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവയുടെ പകർപ്പുകളാണ് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത്. ഇവ 2017-18 വർഷത്തെ കെട്ടിട നിർമ്മാണാനുമതി രജിസ്റ്ററിൽ BL 225/17-18 നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. അന്നത്തെ എസ്.പി.ഐ.ഒ. ശ്രീ കെ.പി.എം.നവാസ് (സെക്രട്ടറി, കുന്ദമംഗലം ഗ്രാമ പഞ്ചായത്ത്) പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ ഫയലിൽ ലഭ്യമല്ലാത്തതിനാൽ അക്കാര്യം അപേക്ഷകനെ അറിയിച്ചു. ഒന്നാം അപ്പീൽ അധികാരിയും ലഭ്യമല്ലാത്ത വിവരം നൽകാൻ കഴിയാത്ത വിവരം അപേക്ഷകനെ അറിയിച്ചു.

5. 2022 ഡിസംബർ 16ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ കോഴിക്കോട് നടത്തിയ ഹിയറിംഗിൽ പ്ലാനും പെർമിറ്റും തെരച്ചിൽ നടത്തി കണ്ടെത്തി 31.12.2022 നു മുമ്പായി തിരുവനന്തപുരത്തെ കമ്മീഷൻ ആസ്ഥാനത്ത് നേരിട്ടെത്തിക്കാൻ ഉത്തരവായിരുന്നു. തെരച്ചിൽ നടത്തുന്നതിന് ശ്രീ. കെ.പി.എം.നവാസിനോടും നിലവിലെ എസ്.പി.ഐ.ഒ. ആയ ശ്രീ എ കെ സൂരജിനോടും ആയതിന് നേതൃത്വം നൽകാൻ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്തിനോടും നിർദ്ദേശിച്ച് ഉത്തരവായിരുന്നു. തുടർന്ന് അസിസ്റ്റന്റ് ഡയറകടർ ശ്രീ പി.ടി പ്രസാദിന്റെ നേതൃത്വത്തിൽ ശ്രീ കെ.പി.എം. നവാസ്, ശ്രീ എ.കെ.സൂരജ് എന്നിവരും ഓഫീസിലെ ജീവനക്കാരും ചേർന്ന് കുന്ദമംഗലം പഞ്ചായത്ത് ഓഫീസിൽ തെരെച്ചിൽ നടത്തിയതിന്റെ അടിസ്ഥാനത്തിൽ മേപ്പടി ഫയൽ കണ്ടെത്തുകയുണ്ടായി."

6. ആ ഫയലും ബന്ധപ്പെട്ട രേഖകളും ശ്രീ. കെ.പി.എം. നവാസ്, ശ്രീ. എ.കെ.സൂരജ് എന്നിവർ കമ്മീഷനു മുമ്പാകെ ഹാജരാക്കി. ഫയലൽ പരിശോധിച്ചതിൽ നിന്ന് കമ്മീഷന് താഴെപ്പറയുന്ന കാര്യങ്ങൾ ബോധ്യമാകുന്നു.

1. ശ്രീ മുഹമ്മദ് പാറപ്പുറത്ത് എന്നയാൾ ഏകദിന പെർമിറ്റിനു വേണ്ടിയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.
2. ഈ അപേക്ഷ ഓവർസിയർ പരിശോധിച്ചിരുന്നു.

RIGHT TO INFORMATION

3. തുടർന്ന് ഏകദിന പെർമിറ്റ കരാർ പ്രകരം പെർമിറ്റ് അനുവദിക്കാമെന്ന് ശുപാർശ ചെയ്തിരിക്കുന്നു.

4. അതിന്റെ അടിസ്ഥാനത്തിൽ 29.08.2017 ന് അന്നത്തെ സെക്രട്ടറി ശ്രീ ഗിരീഷ് അപേക്ഷകനിൽ നിന്ന് പെർമിറ്റ് ഫീ ഈടാക്കാൻ അപേക്ഷകന് അനുമതി നൽകിയിരിക്കുന്നു.

5. 18.12.2017 തീയതിയിൽ 505/- രൂപ പെർമിറ്റ് ഫീ ആയി ഒടുക്കിയിരിക്കുന്നു. **പക്ഷേ പെർമിറ്റ് തയ്യാറാക്കി അനുവദിച്ചതായി ഫയലിലും പെർമിറ്റ് രജിസ്റ്ററിലും കാണുന്നില്ല.**

7. ഏകദിന പെർമിറ്റ് അനുവദിക്കുന്നത് തദ്ദേശ സ്ഥാപനവും ഉടമയും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിലാണെന്ന് എതിർ കക്ഷികൾ ബോധിപ്പിക്കുന്നു. അതേ സമയം ബിൽഡിംഗ് പ്ലാനും സൈറ്റ് പ്ലാനും ഫയലിൽ ഇല്ലാത്തത് ഏകദിന പെർമിറ്റ് ആയതിനാൽ പ്ലാനുകൾ പിന്നീട് ഹാജരാക്കിയാൽ മതി എന്നതിനാലായിരിക്കാം എന്നും എതൃകക്ഷികൾ ബോധിപ്പിച്ചു. ഏകദിന പെർമിറ്റിനുള്ള അപേക്ഷ ഉടമയുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനം അനുവദിക്കുകയും വീടിന്റെ മുകൾ നിലയുടെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കിയതിനു ശേഷം കംപ്ലീഷൻ പ്ലാൻ സമർപ്പിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി പുനർ നിർണ്ണയം ചെയ്ത് നൽകുകയും ചെയ്തിട്ടുള്ളതായാണ് എതിർ കക്ഷികൾ ബോധിപ്പിച്ചത്. കമ്മീഷനു മുമ്പാകെ എതൃ കക്ഷികൾ ബോധിപ്പിച്ച വിവരങ്ങളുടെ സംക്ഷിപ്തം അപേക്ഷകനായ ശ്രീ. അബ്ദുറഹിമാന് 31.01.2023 നകം ലഭ്യമാക്കണമെന്നും ആയതിന്റെ കൈപ്പറ്റ് രസീതിന്റെ പകർപ്പ് കമ്മീഷനു സമർപ്പിക്കണമെന്നും നിർദ്ദേശിച്ച് ഈ അപ്പീൽ ഹർജിയിൽ ഇന്നേ ദിവസം (2023 ജനുവരി മാസം 6-ാം തീയതി) തീർപ്പ കൽപ്പിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

RIGHT TO INFORMATION